(ബി) ഒരു വർഷത്തെ കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി കമ്മീഷൻ ചെയ്തതും ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ വിശദാംശം അനുബന്ധത്തിൽ കാണിച്ചിരിക്കുന്നു.† ജലനിധി പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

തൃശ്ശൂർ	..	60
പാലക്കാട്	..	110
മലപ്പുറം	..	220
കോഴിക്കോട്	..	110
ആകെ	..	500

അരുവിക്കര ഡാമിലെ ചെളി നീക്കം ചെയ്യാൻ നടപടി

112 [1051] *ശ്രീ. പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിന്റെ സംഭരണശേഷി കുറയുന്നതുമൂലം തിരുവനന്തപുരം നഗരത്തിലെ ശുദ്ധജലവിതരണം തടസ്സപ്പെടാതിരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) അരുവിക്കര ഡാമിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ശുദ്ധജലവിതരണ പദ്ധതിക്ക് രണ്ട് ഡാമുകളാണ് ഉള്ളത്. പേപ്പാറ ഡാമും അരുവിക്കര ഡാമും. പേപ്പാറ ഡാമിൽനിന്നും തുറന്നു വിടുന്ന ജലം അരുവിക്കര ഡാമിൽ ശേഖരിച്ച് പമ്പ് ചെയ്യുന്നു. ഈ ഡാമുകൾക്ക് വിഭാവനം ചെയ്തിട്ടുള്ള ശേഷി നോക്കിയാൽ, ഇപ്പോൾ പമ്പ് ചെയ്യുന്ന നിരക്കിൽ പേപ്പാറ ഡാമിന് 170 ദിവസത്തെ സംഭരണശേഷിയും അരുവിക്കര ഡാമിന് 8 ദിവസത്തെ സംഭരണശേഷിയുമാണുള്ളത്. അരുവിക്കര ഡാമിന്റെ സംഭരണശേഷി എത്രമാത്രം കുറഞ്ഞിട്ടുണ്ടെന്ന് അറിയുന്നതിനുള്ള പഠനങ്ങൾക്കായി പീച്ചിയിലുള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ആക്കുളത്തുള്ള ഭൗമ ശാസ്ത്ര പഠനകേന്ദ്രം (CESS) എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുവരുന്നു.

(ബി) എത്രമാത്രം ചെളി അടിഞ്ഞിട്ടുണ്ടെന്ന് പഠനറിപ്പോർട്ട് ലഭിച്ചതിനു ശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly